LIBRARY ARCHIVES Kerala Legislative Assembly

## കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ ഡയറക്ടർ തസ്തികയിലെ നിയമനങ്ങൾ

39 (3670) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലും (കെ.എസ്.സി.എസ്.ടി.ഇ.) അതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും പിന്തുടരുന്ന നിയമന-വേതന വ്യവസ്ഥകൾ കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (സി.എസ്.ഐ.ആർ.) പിന്തുടരുന്ന വ്യവസ്ഥകൾക്ക് അനുസൃതമാണോ ; വിശദമാക്കാമോ ;

(ബി) എങ്കിൽ സി.എസ്.ഐ.ആർ. നിയമന മാനദണ്ഡങ്ങൾ അനുസരിച്ച് യോഗ്യതയുള്ളവരാണോ ഇപ്പോൾ കെ.എസ്.സി.എസ്.ടി.ഇ.-യിലും അതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും ഡയറക്ടർമാരായി തുടരുന്നത് ; ഇവരുടെ നിയമനത്തിൽ സി.എസ്.ഐ.ആർ. വ്യവസ്ഥയനുസരിച്ചുള്ള നടപടിക്രമങ്ങൾ പിന്തുടർന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഡയറക്ടർ നിയമനങ്ങളിലും തുടർന്നുള്ള നിയമനങ്ങളിലും സി.എസ്.ഐ.ആർ. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്തുവാൻ ഉദ്ദേശ്യമുണ്ടോ ; നിലവിൽ ഡയറക്ടർമാരായി തുടരുന്നവരുടെ യോഗ്യതകൾ വിശദമാക്കാമോ ;

(ഡി) മേൽപ്പറഞ്ഞ ഗവേഷണസ്ഥാപനങ്ങളിൽ ഡയറക്ടർ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഉണ്ടോ ; എങ്കിൽ എത്രയെണ്ണം ; പ്രസ്തുത തസ്തികകളിൽ യോഗ്യതയുള്ളവരെ ഉടൻ നിയമിക്കുമോ ;

(ഇ) എങ്കിൽ എത്ര കാലത്തിനകം ഇത് നികത്താൻ കഴിയുമെന്ന് വിശദമാക്കാമോ ?

### ഉത്തരം

(എ&ബി) അല്ല. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെയും അനുബന്ധ ഗവേഷണ സ്ഥാപനങ്ങളിലെയും സേവന-വേതന വ്യവസ്ഥകൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടപ്രകാരമാണ് നടപ്പിലാക്കുന്നത്. നിലവിൽ സി.എസ്.ഐ.ആർ. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്താൻ തീരുമാനങ്ങളൊന്നും തന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനങ്ങൾ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ചട്ടപ്രകാരമാണ് നടപ്പിലാക്കുന്നത്. നിലവിൽ സി.എസ്.ഐ.ആർ. മാനദണ്ഡങ്ങളും നടപടിക്രമങ്ങളും ഉറപ്പുവരുത്താൻ തീരുമാനങ്ങളൊന്നും തന്നെയില്ല. നിലവിൽ ഡയറക്ടർമാരായി ഇരിക്കുന്നവരുടെ യോഗ്യതകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി&ഇ) ഉണ്ട്. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തൃശ്ശൂർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് കോഴിക്കോട് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ ഒഴിവുണ്ട്. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് ഡവലപ്പ്മെന്റ് മാനേജ്മെന്റ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് എന്നിവിടങ്ങളിൽ ഡയറക്ടർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതുമാണ്.

## സെസ്സ് ഏറ്റെടുക്കാൻ നടപടി

40 (3671) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെസ്സ് ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സെസ്സ് ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതുമൂലം സെസ്സിന്റെ വികസന പ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എന്തു തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി ഒന്നാം തീയതി കേന്ദ്ര സർക്കാർ സെസ്സിനെ (സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്) ഔദ്യോഗികമായി ഏറ്റെടുത്തു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭൗമ ശാസ്ത്ര മന്ത്രാലയം സെക്രട്ടറിയും സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിൽ ഇതിനുള്ള ധാരണാ പത്രത്തിൽ 1-1-2014-ൽ ഒപ്പുവച്ചു.